# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 470 — 30.6.2014-ൽ മറുപടിയ്ക്ക്

### <u>സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ പുരോഗതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>" പി.സി.ജോർജ്<br>ഡോ. എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സാമൂഹ്യവനവത്ക്കരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | എ) സാമൂഹ്യവനവത്ക്കരണ വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തിവരുന്നുണ്ട്. |
| ബി) സാമൂഹ്യവനവത്ക്കരണ പ്രവൃത്തികളുടെ തുടർപ്രവൃത്തികൾ ഏതു രീതിയിലാണ് നടപ്പാക്കി യിട്ടുള്ളത് ; | ബി) വിദ്യാഭ്യാസ വകുപ്പും, വനം വകുപ്പും ചേർന്ന് നടത്തുന്ന എന്റെ മരം പദ്ധതി പ്രകാരം വിതരണം ചെയ്ത തൈകൾ നടുന്നതും, പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് പ്രധാന/തെരഞ്ഞെടുത്ത അദ്ധ്യാപകൻ, വാർഡ് മെമ്പർ, തെരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധി, വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു പി.ടി.എ. മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി കൃത്യമായ ഇടവേളകളിൽ തൈകളുടെ വളർച്ചാ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നുണ്ട്. തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നതാണ് പദ്ധതികൊ ണ്ടുദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്ത തൈകളെ സംബന്ധിച്ചും, മേൽപ്പറഞ്ഞ രീതിയിലുള്ള തുടർ പ്രവർത്തികൾ നടത്തി വരുന്നുണ്ട്.<br>സാമൂഹ്യവനവത്ക്കരണ വിഭാഗം നേരിട്ടുനടത്തുന്ന |

വൃക്ഷത്തൈനടീലുമായി ബന്ധപ്പെട്ട് വിവിധ മേലുദ്യോഗസ്ഥർ, വനം വകുപ്പ് വിജിലൻസ് വിഭാഗം എന്നിവയുടെ ആഭിമുഖ്യത്തിൽ പുരോഗതിയും മറ്റും വിലയിരുത്തിവരുന്നുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ട തൈകൾ ട്രീ ഗാർഡ് വെച്ച് സംരക്ഷിക്കുകയും, ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| സി) പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യുന്ന വൃക്ഷങ്ങളുടെ തെരഞ്ഞെടുപ്പ് ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) വനം വകുപ്പ് നേരിട്ടുനടത്തുന്ന വൃക്ഷത്തൈ നടീലുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്തിനും അനുയോജ്യമായ ഇനത്തിൽപ്പെട്ട തൈകൾ, അനുയോജ്യമായ രീതിയിൽതന്നെയാണ് നട്ടുവരുന്നത്. വ്യക്തികളും, സ്ഥാപനങ്ങളും വൃക്ഷത്തൈ നടുന്നതിന് മുന്നോട്ടുവരുമ്പോൾ, അവർ ആവശ്യപ്പെടുന്ന ഇനത്തിലുള്ള തൈകളാണ് നൽകിവരുന്നത്. എന്നിരുന്നാലും, ഓരോ പ്രദേശത്തിനും അനുയോജ്യമായ വൃക്ഷങ്ങൾ നടുന്നതിലേക്ക് ബന്ധപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു ണ്ട്. |

സെക്ഷൻ ഓഫീസർ